/80809/2023

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/6532/2022-WEC1

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 10-02-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ്- ജൻഡർ അവെയർനെസ് പ്രോഗ്രാം ഫെബ്രുവരി 14 മുതൽ മാർച്ച് 7 വരെ ജില്ലകളിൽ നടത്തുന്നത്- മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന:- 1. സ ഉ (സാധാ) നം.352/2022/വ ശി വി വ തീയതി, 02/08/2022

2. വനിത ശിശു വികസന ഡയറക്ടറുടെ ...10-02-2023.... ലെ No. DWCD/6532/2022-WEC1 ഉത്തരവ്

സമൂഹത്തിൽ നിലനിൽക്കുന്ന അനാചാരങ്ങളും സ്ത്രീകൾ നേരിടുന്ന അസമത്വവും തടയുന്നതിന്റെ ഭാഗമായി ജനങ്ങളുടെ ഇടയിൽ ലിംഗസമത്വത്തിലധിഷ്ഠിതമായ അവബോധ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. പ്രസ്തുത ബോധവൽക്കരണ പരിപാടികൾ ജില്ലകളിൽ 2023 ഫെബ്രുവരി 14 മുതൽ മാർച്ച് 7 വരെ സംഘടിപ്പിക്കുന്നതിന് സൂചന (2) ഉത്തരവ് പ്രകാരം ജില്ലകൾക്ക് തുക അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 2023 ഫെബ്രുവരി 14 മുതൽ മാർച്ച് 7 വരെ സംഘടിപ്പിക്കേണ്ട വിവിധ പരിപാടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു. ടി പരിപാടികൾ ജില്ലകളിൽ സംഘടിപ്പിക്കേണ്ടതാണ്.

- <u>സ്ത്രീയും സമൂഹവും</u>

  ലിംഗഅസമത്വം തടയുന്നതിന്റെ ഭാഗമായി സ്ത്രീധനത്തിനെതിരേയും ഗാർഹികാതിക്രമത്തിനെതിരെയും തൊഴിലിടങ്ങളിലെ സ്ത്രീകൾക്കെതിരെ നടക്കുന്ന ലൈംഗീകാതിക്രമങ്ങൾക്കെതിരെയുള്ള, ജൻഡർ അവെയർനെസ് എന്നിവ സംബന്ധിച്ച് വകുപ്പ് തലത്തിൽ തയ്യാറാക്കിയിട്ടുള്ള 3 സെറ്റ് വീഡിയോകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത വീഡിയോകൾ അങ്കണവാടി, പഞ്ചായത്ത്, കോളേജ് വിദ്യാർത്ഥികൾ, കുടുംബശ്രീ അംഗങ്ങൾ, സ്വയം സഹായ സംഘങ്ങൾ , MGNREGS കളിൽ പ്രദർശിപ്പിക്കേണ്ടതാണ്. അതിലൂടെ ലിംഗസമത്വം എന്ന കാഴ്ചപ്പാട് ഇവരുടെ മനസിൽ എത്രത്തോളം ആഴത്തിൽ പതിഞ്ഞു എന്നതു സംബന്ധിച്ചതിന്റെ ഫീഡ് ബാക്ക് ശേഖരിക്കുകയും അതിന്മേൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളിന്മേലുള്ള ചർച്ചകൾ പ്രോഗ്രാം ഓഫീസറുടെ നേതൃത്വത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

- <u>സ്ത്രീയും നിയമവും</u>

  സ്ത്രീ സുരക്ഷാ നിയമങ്ങൾ വളരെ കർശനമായി നടപ്പിലാക്കിവരുന്ന ഈ കാലഘട്ടത്തിൽ

സമൂഹത്തിലും കുടുംബത്തിലും സ്ത്രീകൾക്ക് സുരക്ഷ ലഭ്യമാകാത്ത നിരവധി വാർത്തകളാണ് പത്ര ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ മുഖേന വന്നുകൊണ്ടിരിക്കുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള നിരവധി നിയമങ്ങൾ നിലവിലുണ്ടെങ്കിലും ആയതിനെകുറിച്ചുള്ള അജ്ഞതകാരണം നിയമം മൂലം ലഭിക്കേണ്ട നീതി ലഭിക്കാത്ത അവസ്ഥ സംജാതമാകുന്നു. സ്ത്രീകൾക്കും,സമൂഹത്തിനും വിവാഹനിയമത്തെക്കുറിച്ച് വേണ്ട അറിവ് ഇല്ലാത്തതിനാൽ ഹിന്ദു വിഹാഹ നിയമം, ക്രിസ്ത്യൻ വിവാഹ നിയമം, മുസ്ലീം വിവാഹ നിയമം, സ്പെഷ്യൽ വിവാഹ നിയമം സ്വത്തവകാശം/പാരമ്പര്യ സ്വത്തവകാശ നിയമം എന്നിവയിൽ ഓരോ നിയമങ്ങൾ വഴി സ്ത്രീകൾക്കും കുട്ടികൾക്കും എന്തെല്ലാം സംരക്ഷണം ലഭിക്കും എന്നതിനെക്കുറിച്ചും ടി നിയമങ്ങളിൽ എന്തെല്ലാം കാര്യങ്ങൾ വ്യവസ്ഥ ചെയ്തിരിക്കുന്നു എന്നതിനെക്കുറിച്ചും അങ്കണവാടി തലത്തിലും , അല്ലാതെയും സ്ത്രീകൾക്കുവേണ്ടി വ്യാപക ബോധവൽക്കരണം നടത്തേണ്ടതുണ്ട്. സ്ത്രീധന നിരോധന നിയമവും ഗാർഹിക പീഢന നിരോധന നിയമവും കൂടി സംയോജിപ്പിച്ചുള്ള ബോധവൽക്കരണ പരിപാടിയായിരിക്കണം വനിത സംരക്ഷണ ഓഫീസർമാർ സംഘടിപ്പിക്കേണ്ടത്.

- **<u>സ്ത്രീയും തൊഴിലും</u>**

സ്ത്രീകളും പെൺകുട്ടികളും വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഒന്നാമതാണ്. എന്നിരുന്നാലും തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി സ്ത്രീകൾ തൊഴിൽ നേടുന്നതു വഴി സ്ത്രീകൾക്ക് സാമ്പത്തിക സ്വാതന്ത്ര്യം കൈവരിക്കാൻ സാധിക്കുന്നതാണ്.. തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്നതിലൂടെ സ്ത്രീകൾ സമൂഹത്തിലും രാജ്യത്തിന്റെ വികസനത്തിലും തുല്യപങ്കാളിയാവുകയാണ് .ഇതു വഴി ജനസംഖ്യയുടെ 52 ശതമാനം വരുന്ന സ്ത്രീകളുടെ പദവിയിൽ -- കുടുംബത്തിലും സമൂഹത്തിന്റെ കാഴ്ചപ്പാടിലും മാറ്റം വരും. ആയതിനാൽ തൊഴിൽ മേഖലയിൽ അവരുടെ കഴിവ് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്ത്രീകൾക്ക് നൈപുണ്യവികസനം നൽകുന്നതിനായി ധാരാളം SKILLING AGENCIES പരിശീലനം നൽകിവരുന്നുണ്ട്. എന്നാൽ അത് വേണ്ട രീതിയിൽ പ്രതിഫലിക്കണമെങ്കിൽ , വിവിധ ഏജൻസികളുടെ ഇടയിൽ വ്യക്തമായ ധാരണ ഉണ്ടായിരിക്കേണ്ടതും , സമഗ്രമായ പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതുമുണ്ട്. സ്ത്രീകൾ കടന്നുചെല്ലാത്ത മേഖലകളിൽ അതായത് പാരമ്പര്യ&പാരമ്പര്യേതര തൊഴിൽ മേഖലകളിൽ സ്ത്രീകളെ ദീർഘവീക്ഷണത്തിലൂടെയുള്ള കാഴ്ചപ്പാടിൽ പരിശീലനം നൽകിയാൽ മാത്രമേ ഉദ്ദേശിക്കുന്ന ലക്ഷ്യം കൈവരിക്കുവാൻ സാധിക്കുകയുള്ളൂ. പ്രസ്തുത വിഷയത്തിൽ ജില്ലാ വനിത ശിശുവികസന ഓഫീസർമാരുടെ നേതൃത്വത്തിൽ വിവിധ SKILLING AGENCIES (സർക്കാർ,സർക്കാർഇതര) വകുപ്പുതല ഉദ്യോഗസ്ഥർ, ,കോളേജ് വിദ്യാർത്ഥികൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ച നടത്തി ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതാണ്

- **<u>സ്ത്രീകളും സാങ്കേതിക വിദ്യയും</u>**

. "DigitALL: Innovation and technology for gender equality", " ലിംഗ സമത്വത്തിനായുള്ള

നവീകരണവും സാങ്കേതിക വിദ്യയും " എന്നതാണ് ഇക്കൊല്ലത്തെ അന്താരാഷ്ട്ര വനിതാ ദിനത്തിൻെറ തീം. സ്ത്രീകളുടെ സുസ്ഥിരമായ ഭാവിക്ക് സമഗ്രവും പരിവർത്തനപരവുമായ സാങ്കേതികവിദ്യയുടെയും ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെയും ആവശ്യകത നിർണായകമാണ്. പെൺകുട്ടികൾ വിദ്യാഭ്യാസപരമായി മുന്നേറികൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. എല്ലാ മേഖലയിലും സ്ത്രീകളും പെൺകുട്ടികളും അവരുടെ കഴിവ് തെളിയിക്കേണ്ടതുണ്ട്. സാങ്കേതിക വിദ്യയിലുള്ള കടന്നുകയറ്റത്തിന്റെ പശ്ചാത്തലത്തിൽ വർദ്ധിച്ചുവരുന്ന അസമത്വങ്ങൾ കൂടുതലായി പ്രകടമായികൊണ്ടിരിക്കുകയാണ്. ഈ ഡിജിറ്റൽ ലിംഗ വിഭജനത്തിന്റെ ഫലമായി സ്ത്രീകൾ പിന്തള്ളപ്പെടുന്ന ഒരു അവസ്ഥ സംജാതമാകാവുന്നതാണ്. ടി വിഷയത്തിൽ അഡോളസെന്റ് ഗേൾസിനെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

മേൽ പരിപാടികൾ സംഘടിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശം ജില്ലാ വനിത ശിശുവികസന ഓഫീസർമാർ കീഴ്കാര്യാലയങ്ങൾക്ക് നൽകേണ്ടതുമാണ്.

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും

പകർപ്പ്:-

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. എല്ലാ വനിത പ്രൊട്ടക്ഷൻ ഓഫീസർമാർക്കും
3. എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും
4. എല്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
5. ഫയൽ/സ്റ്റോക്ക് ഫയൽ ചെയ്യുന്നത്.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

/80809/2023

Signed by Priyanka G
Date: 10-02-2023 15:24:53